**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **10-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (സി.ഇസഡ്.എം.പി.) തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) സർക്കാർ ചുമതലപ്പെടുത്തി. ഇതനുസരിച്ച് കരട് പ്ലാൻ തയ്യാറാക്കി വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗിൽ ലഭിച്ച പരാതികളും ആക്ഷേപങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ കരട് പ്ലാനിൽ വരുത്തുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ന് 07.02.2024 ന് കൈമാറി. സംസ്ഥാനം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് നാഷണൽ സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM)-ന് നൽകിയിട്ടുള്ളത്. നാഷണൽ സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) സ്ക്രൂട്ടിനി കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് Bund/Sluice gate പരിഗണിച്ച് HTL-ൽ ആവശ്യമായ ഭേദഗതികൾ കരട് CZMP 2019 ൽ വരുത്തുകയും, 15 ലൊക്കേഷനുകളിൽ കണ്ടൽക്കാടുകളുടെ സാനിദ്ധ്യം സംബന്ധിച്ച് സ്ഥല പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. NCSCM നിർദ്ദേശിച്ച പ്രകാരമുള്ള കേരള തീരദേശ പരിപാലന പ്ലാൻ, ലാന്റ് യൂസ്സ് മാപ്പ് എന്നിവ NCESS-ൽ നിന്നും ലഭ്യമാക്കി NCSCM-ന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ